11 (*564) മിനിമം വേജസ് നടപ്പാക്കാത്ത സ്വകാര്യമേഖല ധനകാര്യ സ്ഥാപനങ്ങൾ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽനിയമം അനുസരിച്ച് മിനിമം വേജസ് നടപ്പാക്കാത്ത സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെമേൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മിനിമം വേജസ് നടപ്പാക്കേണ്ടുന്ന എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം;

(സി) ഇതിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ മിനിമം വേജസ് നടപ്പാക്കുന്നുണ്ട്;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്;

(ഇ) അർഹമായ ആനുകൂല്യം നൽകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സർക്കാർ പുതിയതായി എന്ത് പദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) മിനിമം വേജസ് ലഭിക്കുന്നില്ല എന്ന പരാതികളിൻമേൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പരിശോധനകൾ നടത്തുകയും മിനിമം വേതനം നൽകുന്നതിന് നിർദ്ദേശിക്കുകയും മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷനും, പ്രോസിക്യൂഷനും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ അസിസ്റ്റന്റ് ലേബർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ അനുസരിച്ച് ഈ ജില്ലയിൽ 96 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) തിട്ടപ്പെടുത്തിയിട്ടില്ല. പലസ്ഥാപനങ്ങളിലും മിനിമം വേതനം നൽകുന്നില്ല എന്ന പരാതി ലഭിക്കുന്നുണ്ട്.

(ഡി) തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതികളിൻമേൽ കാലാകാലങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പരിശോധനകൾ നടത്തി തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നതിന് നിർദ്ദേശിക്കുകയും, മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നു. മറ്റ് ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നില്ലെന്ന് ബോദ്ധ്യമായാൽ ബന്ധപ്പെട്ട നിയമമനുസരിച്ച് മാനേജ്മെന്റുകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly